


**കേരള വോളിബാൾ ലീഗിന്റെ ലോഗോ കൊച്ചിയിൽ മമ്മൂട്ടി പ്രകാശനം ചെയ്യുന്നു**

# കേരള വോളി ലീഗ്: മമ്മൂട്ടി ബ്രാൻഡ് അംബാസഡർ

കൊച്ചി: ഐ.പി.എൽ ക്രിക്കറ്റിന്റെ മാതൃകയിൽ നടത്തുന്ന കേരള വോളിബാൾ ലീഗിന്റെ (കെ.വി.എൽ) ബ്രാൻഡ് അംബാസഡറായി മമ്മൂട്ടി സ്ഥാനമേറ്റു. കേരളത്തിൽ വോളിബാൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വോളിബോൾ അസോസിയേഷൻ മമ്മൂട്ടിയുടെ സഹകരണം തേടിയത്.

വോളിബാൾ അസോസിയേഷനും സ്പോർട്സ് കൺസൾട്ടും ചേർന്ന് സംഘടിപ്പിക്കുന്ന കേരള വോളിബാൾ ലീഗ് മത്സരങ്ങൾ ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട്ട് നടക്കും. രാജ്യത്തെ ഏറ്റവും വലിയ വോളിബാൾ ലീഗായ ഇതിൽ ആറ് ടീമുകളുണ്ടാകും.

"വ്യക്തിപരമായി എനിക്ക് ഒത്തിരി ഇഷ്ടമുള്ള കളി കൂടിയാണിത്. എൽ.ബി.ഡബ്ളിയുവുമില്ല, കുരുക്കുന്ന നിയമങ്ങളുമില്ല. കളിയും നിയമവുമെല്ലാം ഈസി. രാവിലെ മുതൽ വൈകിട്ട് വരെ നീളുന്ന ക്രിക്കറ്റ് എനിക്കിഷ്ടമല്ല. വേഗതയും കരുത്തുമുള്ളതാണ് വോളിബോൾ", സ്ഥാനാരോഹണ ചടങ്ങിൽ മമ്മൂട്ടി പറഞ്ഞു. കേരള വോളിബാളിലെ പഴയ കാലത്തെയും ഇപ്പോഴത്തെയും താരങ്ങളും പങ്കെടുത്തു.